**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് :- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച എഞ്ചിനീയർമാരുടെ സേവനം ഉപയോഗിക്കുന്നത് പിൻവലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ)നം.345/13/തസ്വഭവ തിരുവനന്തപുരം, തീയതി, 07.02.2013

---

പരാമർശം:- 1. 17/7/07 ലെ സർക്കുലർ നം. 1199/പി ബി2/07/തസ്വഭവ
2. 3/2/12 ലെ സ ഉ (സാധാ)നം. 346/12/തസ്വഭവ ഉത്തരവ്
3. 4/10/12 ലെ സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 12-ാം മത്തെ യോഗത്തിന്റെ നടപടിക്കുറിപ്പ്
4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17/12/12 ലെ 3493/EGS2/10/CRD നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രാരംഭവർഷങ്ങളിൽ പഞ്ചായത്തുകളിൽ ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി മേൽനോട്ടം വഹിച്ച് അളവുകൾ രേഖപ്പെടുത്തി ചെക്ക് മെഷർമെന്റ് ചെയ്യുന്നതിന് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ അഭാവം കാലതാമസം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപെട്ട സാഹചര്യത്തിൽ സർക്കാർ സർവ്വീസ്/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച എഞ്ചിനീയർമാരുടെ സേവനം അവർ ബ്ലോക്ക്/ജില്ലാതല സാങ്കേതിക സമിതിയിലെ അംഗങ്ങളാണെങ്കിൽ ഉപയോഗപ്പെടുത്താമെന്ന് പരാമർശം (1) പ്രകാരം നിർദ്ദേശിച്ചിരുന്നു. 60 ലക്ഷത്തിലധികം ചെലവ് ചെയ്ത പഞ്ചായത്തുകളിൽ രണ്ട് എഞ്ചിനീയർ/ഓവർസീയർ എന്നിവരെ നിയമിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ പരാമർശം (1) പ്രകാരം സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച എഞ്ചിനീയർ/ഓവർസീയർ എന്നിവരുടെ സേവനം ഉപയോഗിക്കുന്നതിന് നൽകിയ അനുമതി തുടരേണ്ടതില്ലായെന്ന പരാമർശം (3) ലെ തീരുമാന പ്രകാരം പരാമർശം (4) ൽ മിഷൻ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിയോധിച്ചു. സർക്കാർ /പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച എഞ്ചിനീയർ/ഓവർസിയർ എന്നിവർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികളിലെ മേൽനോട്ടം, അളവുകൾ രേഖപ്പെടുത്തൽ, ചെക്ക്മെഷർമെന്റ് എന്നീ ചുമതല നിർവ്വഹിക്കുന്നതിന് അനുവദിക്കേണ്ടതില്ലായെന്ന് തീരുമാനിച്ച് ഉത്തരവാകുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ജി. ശിവപ്രസാദ്,**
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
3. എല്ലാ ജില്ലാ കളക്ടർ/ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ